**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2127** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സോഷ്യൽ മീഡിയയിലെ അധിക്ഷേപത്തിനെതിരെ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ബസിൽ ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് സമൂഹമാധ്യമങ്ങളിലൂടെ ദൃശ്യം പ്രചരിച്ചതിൽ അപമാനം ഭയന്ന് യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ബസിൽ ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് സമൂഹമാധ്യമങ്ങളിലൂടെ ദൃശ്യം പ്രചരിച്ചതിൽ അപമാനം ഭയന്ന് യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 63/2026 U/s 108 BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു.

കേസിലെ പ്രതിയെ അറസ്റ്റ് ചെയ്ത് ബഹു.കോടതിയിൽ ഹാജരാക്കുകയും, ടിയാളെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

**(ബി)** സോഷ്യൽ മീഡിയയിൽ ഇത്തരം അധിക്ഷേപങ്ങൾ നടത്തുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സോഷ്യൽ മീഡിയയിലൂടെ അധിക്ഷേപങ്ങൾ നടത്തുന്നതിനെതിരെ സമൂഹമാധ്യമങ്ങളിൽ നിരന്തരം സൈബർ പട്രോളിംഗ് നടത്തിയും, കുറ്റകരമായ ദൃശ്യങ്ങളും അധിക്ഷേപങ്ങളും സമൂഹമാധ്യമങ്ങളിൽ നിന്നും യഥാസമയം നീക്കം ചെയ്തും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**